✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1021

# സൂറ – 32 / അസ്സജദ

**സൂക്തം: 22 – 25**

ജനനായകർ സമൂഹനിർമിതിയിൽ ഖുർആനിക ശാസനകളുടെ പങ്ക് അവഗണിച്ചു. ശരീഅത്തിനെ മനസ്സിലാക്കുന്നതിൽ പോലും അക്ഷന്തവ്യമായ വീഴ്ചകളുണ്ടായി. ചിലർ അക്ഷരങ്ങൾക്ക് പിമ്പേ പോയി അപ്രായോഗിക നിയമങ്ങളുണ്ടാക്കിയപ്പോൾ മറ്റു ചിലർ ഭൗതിക സംസ്കാരവുമായി കൂട്ടിയിണക്കാൻ അബദ്ധ വ്യാഖ്യാനങ്ങൾ ചമച്ചു.

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَا ۚ إِنَّا مِنَ الْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

22. വിധാതാവിന്റെ സൂക്തങ്ങൾ ഓർമിപ്പിക്കപ്പെട്ട ശേഷം അതവഗണിച്ചു തള്ളിയവനേക്കാൾ കൊടിയ ധിക്കാരി ആരുണ്ട്? തീർച്ചയായും നാം കുറ്റവാളികളെ തിരിച്ചടിക്കുന്നതാകുന്നു.

**22**

وَمَنْ أَظْلَمُ = ഏറ്റവും അക്രമി ആര് (കൊടിയ ധിക്കാരി ആരുണ്ട്)
مِمَّن ذُكِّرَ بِآيَاتِ رَبِّهِ = തന്റെ വിധാതാവിന്റെ സൂക്തങ്ങൾ കൊണ്ട് ഓർമിപ്പിക്കപ്പെട്ടവനേക്കാൾ
ثُمَّ أَعْرَضَ عَنْهَا = (ഓർമിപ്പിക്കപ്പെട്ട ശേഷം) പിന്നെ അതിനെ അവഗണിച്ചുതള്ളി (യവനേക്കാൾ)
إِنَّا مِنَ الْمُجْرِمِينَ = തീർച്ചയായും നാം കുറ്റവാളികളെ مُنتَقِمُونَ = തിരിച്ചടിക്കുന്നവനാ(ന്നതാ)കുന്നു

ദൈവധിക്കാരികൾ മുൻചൊന്ന വിധം ശിക്ഷിക്കപ്പെടുന്നതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുകയാണ്. ദൈവിക സൂക്തങ്ങൾ ഓതിക്കേൾപ്പിച്ച് ഓർമിപ്പിക്കപ്പെട്ടിട്ട് അത് ഗ്രഹിച്ച ശേഷം നിസ്സങ്കോചം തള്ളിക്കളഞ്ഞ് അസത്യത്തിലും അധർമത്തിലും ധാർഷ്ട്യത്തോടെ ശഠിച്ചു നിന്ന കൊടിയ ധിക്കാരികളാണവർ. ഇളവിനോ കനിവിനോ യാതൊരു അർഹതയും അവർക്കില്ല. അത്തരക്കാർ ഒരു ദാക്ഷിണ്യവുമില്ലാതെ കൊടൂരമായി ശിക്ഷിക്കപ്പെടേണ്ടവരാണെന്ന് നിങ്ങൾ സമ്മതിക്കുന്ന കാര്യമാണല്ലോ എന്നാണ് ഈ വചനം ചോദ്യരൂപത്തിൽ അവതരിപ്പിച്ചതിന്റെ താൽപര്യം.

ദൈവിക സൂക്തങ്ങൾ പറയുന്നത് മനുഷ്യന് തീരെ അജ്ഞാതമോ ദുരൂഹമോ ആയ കാര്യങ്ങളല്ല. ഓരോ വ്യക്തിയുടെയും ഉള്ളിലുറങ്ങുന്ന നൈതിക സത്തയാണത്. ഓരോ മനസ്സിലും അതിന്റെ ധർമം ധരിപ്പിക്കപ്പെട്ടിരിക്കുന്നു- وَنَفْس وَمَا سَوَّاهَا. നിദ്രിതമായ ആ ബോധത്തെ ഉണർത്തുകയാണ് യഥാർഥത്തിൽ വേദസൂക്തങ്ങൾ ചെയ്യുന്നത്. അതുകൊണ്ടാണ് ഇവിടെ ذُكِّرَ بِآيَاتِ رَبِّهِ (നാഥന്റെ സൂക്തങ്ങളാൽ ഓർമിപ്പിക്കപ്പെടുക) എന്നു പറഞ്ഞത്. ثُمَّ أَعْرَضَ عَنْهَا (എന്നിട്ട് അതിനെ അവഗണിച്ചുതള്ളി) എന്നതിന്റെ ധ്വനി വേദസൂക്തങ്ങൾ കേട്ട് സത്യവിചാരമുണർന്ന ശേഷം ബോധപൂർവം അതവഗണിച്ച് അസത്യവും അധർമവും തുടർന്നുവെന്നാണ്. വെറുപ്പും വിദ്വേഷവും പകയുമാണ് نقمة. ഇത് انتقام ആകുമ്പോൾ കാരണത്തിന് ഉചിതമായ പ്രതികരണം, തിരിച്ചടി, പകപോക്കൽ, പ്രതിക്രിയ തുടങ്ങിയ ക്രിയകളാകുന്നു. ഉചിതമായ പ്രതികരണം നൽകുന്നതിനും തിരിച്ചടിക്കുന്നതിനും പകരം വീട്ടുന്നതിനുമൊക്കെ انتقم منه എന്നു

പറയും. അതിൽനിന്നുള്ള കർതൃവചനമാണ് مُنتَقِم. ദൈവധിക്കാരികളുടെ ധിക്കാരത്തോട് ഉചിതമായി പ്രതികരിക്കാൻ അല്ലെങ്കിൽ തിരിച്ചടിക്കാൻ തികച്ചും കഴിവുള്ളവനും തിരിച്ചടിക്കുന്നവനും തന്നെയാണ് അല്ലാഹു എന്നാണ് إِنَّا مِنَ الْمُجْرِمِينَ مُنتَقِمُونَ-ന്റെ സാരം. ഈ ലോകത്ത് എന്തെല്ലാം അക്രമങ്ങളും അധർമങ്ങളും ചെയ്തുകൂട്ടിയിട്ടുണ്ടെങ്കിലും മരണത്തോടെ എല്ലാം അവസാനിച്ചു; പിന്നെ അതിനൊന്നും ഒരു പ്രതികരണവും ഉണ്ടാവാൻ പോകുന്നില്ല, പരലോകത്ത് ഒരു വിചാരണയോ വിധിയോ ഒന്നുമില്ല എന്നൊന്നും ആരും വ്യാമോഹിക്കേണ്ട എന്ന് താക്കീതു ചെയ്യുകയാണ്.

ദൈവദൂതന്മാർ നേരിട്ടാഗതരായി വേദസൂക്തങ്ങൾ ഉദ്ബോധിപ്പിക്കപ്പെട്ട സമൂഹങ്ങൾ ചിലപ്പോൾ ഭൗതികലോകത്തുതന്നെ തിരിച്ചടി നേരിടേണ്ടിവന്നേക്കും. സമൂഹത്തിലെ മഹാ ഭൂരിപക്ഷം പ്രവാചക സന്ദേശം തള്ളിക്കളഞ്ഞ് അസത്യത്തിന്റെയും അധർമത്തിന്റെയും വൈതാളികരായി വാഴുകയാണെങ്കിൽ ദൈവദൂതനെയും സജ്ജന ന്യൂനപക്ഷത്തെയും ആ സമൂഹത്തിൽനിന്ന് മോചിപ്പിക്കുകയും ശിഷ്ട സമൂഹത്തെ ഉന്മൂലനം ചെയ്യുകയുമാണ് ദൈവിക ചര്യ. ഖുറൈശികൾക്ക് ഈയൊരു താക്കീത് കൂടിയുണ്ടീ വചനത്തിൽ. ■

---

وَلَقَدْ آتَيْنَا مُوسَى الْكِتَابَ فَلَا تَكُن فِي مِرْيَةٍ مِّن لِّقَائِهِ ۖ وَجَعَلْنَاهُ هُدًى لِّبَنِي إِسْرَائِيلَ ﴿٢٣﴾

23. തീർച്ചയായും മൂസാ പ്രവാചകന് നാം വേദമരുളിയിട്ടുണ്ടായിരുന്നു. ആകയാൽ അതിന്റെ സമാഗമത്താൽ പ്രവാചകൻ ഒരു സന്ദേഹത്തിലും അകപ്പെടേണ്ടതില്ല. മൂസായുടെ വേദം നാം ഇസ്രാഈൽ ഗോത്രത്തിന് മാർഗദർശകമായി നിശ്ചയിക്കുകയും ചെയ്തു.

وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا صَبَرُوا ۖ وَكَانُوا بِآيَاتِنَا يُوقِنُونَ ﴿٢٤﴾

24. നമ്മുടെ ധർമശാസനയനുസരിച്ച് ജനത്തെ നയിക്കുന്ന നായകന്മാരെയും നാം അവർക്കു നിശ്ചയിച്ചുകൊടുത്തു; അവർ ക്ഷമയവലംബിക്കുകയും നമ്മുടെ സൂക്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്തപ്പോൾ.

**23,24**

وَلَقَدْ آتَيْنَا= തീർച്ചയായും നാം നൽകി (അരുളിയിട്ടുണ്ടായിരുന്നു) مُوسَى= മൂസാ (പ്രവാചകന്)

الْكِتَابَ= വേദം فَلَا تَكُن= ആകയാൽ നീ ആകരുത് (പ്രവാചകൻ അകപ്പെടേണ്ടതില്ല)

فِي مِرْيَةٍ= ഒരു സന്ദേഹത്തിലും مِّن لِّقَائِهِ= അതിന്റെ സമാഗമത്താൽ

وَجَعَلْنَاهُ= അതിനെ (മൂസായുടെ വേദം) നാം നിശ്ചയിക്കുകയും ചെയ്തു

هُدًى لِّبَنِي إِسْرَائِيلَ= ഇസ്രാഈൽ ഗോത്രത്തിന്ന് മാർഗദർശകമായിട്ട്

وَجَعَلْنَا مِنْهُمْ= നാം അവരിൽനിന്ന് നിശ്ചയിച്ചു (കൊടുത്തു) أَئِمَّةً يَهْدُونَ= (ജനത്തെ) നയിക്കുന്ന നായകന്മാരെ

بِأَمْرِنَا= നമ്മുടെ(ധർമ) ശാസന(യനുസരിച്ചു)കൊണ്ട് لَمَّا صَبَرُوا = അവർ ക്ഷമയവലംബി(ക്കുകയും)ച്ചപ്പോൾ

وَكَانُوا بِآيَاتِنَا يُوقِنُونَ= നമ്മുടെ സൂക്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കു(കയും ചെയ്തപ്പോൾ)ന്നവരുമായപ്പോൾ

മുഹമ്മദ് (സ) പ്രവാചകനല്ലെന്നും അദ്ദേഹം കേൾപ്പിക്കുന്ന വചനങ്ങൾ ദൈവിക വേദമല്ലെന്നും വാദിക്കുന്നവരെ ഖണ്ഡിച്ചുകൊണ്ടാണല്ലോ സൂറഃ ആരംഭിച്ചത്. പ്രഭാഷണം അതേ വിഷയത്തിലേക്കുതന്നെ തിരിയുകയാണ്. അല്ലാഹു ദൈവദൂതന്മാരെ നിയോഗിക്കുന്നതും അവർക്കു വേദം നൽകി മനുഷ്യരെ ജീവിത തത്ത്വങ്ങൾ പഠിപ്പിക്കുന്നതും അസംഭവ്യമായി തോന്നുന്നത് നിങ്ങളുടെ അജ്ഞത കൊണ്ടും ആലോചനാശൂന്യത കൊണ്ടുമാണ്. ഇസ്രാഈലീ നേതാവായ മൂസാ (അ) പ്രവാചകനായിരുന്നുവെന്നും വേദവാഹകനായിരുന്നുവെന്നും നിങ്ങൾ ധാരാളം കേട്ടിട്ടുള്ളതാണല്ലോ. അദ്ദേഹത്തിനു ശേഷം ഈസാ(അ)ക്കും വേദം ലഭിച്ചിട്ടുണ്ട്. ഈസായെയും ഇഞ്ചീലിനെയും ജൂതമതം അംഗീകരിക്കുന്നില്ലെങ്കിലും മൂസായുടെ തൗറാത്തിനെ ക്രിസ്ത്യാനികളും ജൂതരും ഒരുപോലെ അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് മൂസാ(അ)യെ തന്നെ ചൂണ്ടിക്കാണിക്കുന്നത്. മുശ്രിക്കുകൾ എല്ലാ വേദങ്ങളിലും അവിശ്വസിക്കുന്നുവെങ്കിലും ആ അവിശ്വാസത്തിന് യാതൊരു അടിസ്ഥാനവുമില്ല. മൂസാക്ക് തീർച്ചയായും അല്ലാഹു വേദം അവതരിപ്പിച്ചുകൊടുത്തിട്ടുണ്ട്. അതിനെ ഇസ്രാഈൽ വംശത്തിന്റെ സന്മാർഗദർശക ഗ്രന്ഥമായി നിശ്ചയിക്കുകയും ചെയ്തു. അതുപോലുള്ള ഒരു ജീവിത

മാർഗദർശക ഗ്രന്ഥമാണ് തനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യത്തിൽ പ്രവാചകന് ഒരു സംശയവും വേണ്ട.

അല്ലാഹു അരുളിയ ധർമശാസനകളനുസരിച്ച് ജനങ്ങളെ നയിക്കുന്ന അനേകം നായകന്മാരെ ഇസ്രാഈല്യരിൽ ഉയർത്തിക്കൊണ്ടുവന്നു. ത്വാലൂത്ത്, ദാവൂദ്, സുലൈമാൻ തുടങ്ങിയ മഹാരഥന്മാർ ഇസ്രാഈല്യരെ ആത്മീയവും ഭൗതികവുമായ പുരോഗതികളുടെ ഉന്നതങ്ങളിലേക്കുയർത്തി. ആ സമൂഹം സംസ്കാരത്തിന്റെയും നാഗരികതയുടെയും ആചാര്യന്മാരും അധിപന്മാരുമായിത്തീർന്നു. ഇതൊക്കെയും അനിഷേധ്യമായ ചരിത്ര സത്യങ്ങളാണല്ലോ. ഈ നേട്ടങ്ങളെല്ലാം അവർ കെട്ടിപ്പടുത്തത് സുദൃഢമായ മൂന്ന് അടിസ്ഥാന സ്തംഭങ്ങളിലായിരുന്നു. നേതൃത്വത്തിന്റെ ദൈവിക ശാസനകളിലുള്ള നിഷ്കളങ്കമായ കൂറാണ് ഒന്ന്. രണ്ടാമത്തേത്, പ്രകോപനങ്ങൾക്ക് വഴങ്ങാത്ത, രാഗദ്വേഷാദികൾക്ക് ഇളക്കാനാവാത്ത സ്ഥൈര്യവും ക്ഷമയും സഹനവും- صبر -. ദൈവിക സൂക്തങ്ങളിലും ദൃഷ്ടാന്തങ്ങളിലുമുള്ള കറയറ്റ ദൃഢവിശ്വാസമായിരുന്നു മൂന്നാമത്തെ സ്തംഭം.

നിങ്ങൾ- ഈ ഖുർആൻ കേൾക്കുന്നവർ- ഇത് സാദരം സ്വീകരിക്കുകയും ഇപ്പറഞ്ഞ അടിസ്ഥാന സ്തംഭങ്ങളിൽ സമൂഹത്തെ കെട്ടിപ്പടുക്കാൻ തയാറാവുകയുമാണെങ്കിൽ അത് നിങ്ങളുടെയും ഉത്ഥാന നിമിത്തമാകും. നിങ്ങൾ ആത്മീയവും ഭൗതികവുമായ ഉന്നതങ്ങളിലേക്കുയരും. സാംസ്കാരിക-നാഗരിക ലോകത്തിന്റെ നായകരായി നിങ്ങൾ മാറും. ഇസ്ലാമിന്റെ കാര്യത്തിൽ ഒരു പ്രതീക്ഷക്കും വക കാണാത്ത കാലത്താണ് ഖുർആൻ ഈ സൂചന നൽകുന്നത്. പിൽക്കാലത്ത് അത് മധ്യാഹ്ന സൂര്യനെപ്പോലെ ഉജ്ജ്വലമായിത്തീർന്നത് ചരിത്രത്തിന്റെ തങ്കത്താളുകളിൽ പരിലസിക്കുന്നു. പിന്നീട് ഇസ്രാഈല്യർ മുൻചൊന്ന അടിസ്ഥാന സ്തംഭങ്ങൾ അവഗണിച്ചു. ആർത്തിയും അധികാരദാഹവും സുഖലോലുപതയുമായി സംസ്കാരത്തിന്റെ സ്തംഭങ്ങൾ. അത് അവരെ സംസ്കാരത്തിന്റെയും നാഗരികതയുടെയും നേതൃസ്ഥാനങ്ങളിൽനിന്ന് പുറംതള്ളി. അവരുടെ ശക്തിയും സ്വാതന്ത്ര്യവും കവർന്നു. അവരെ റോമാ സാമ്രാജ്യത്തിന്റെയും പേർഷ്യൻ സാമ്രാജ്യത്തിന്റെയും അടിമകളാക്കി പരിവർത്തിപ്പിച്ചു.

ദൈവശാസനകളോടുള്ള കൂറും ദൃഢവിശ്വാസവും ക്ഷമയും സ്ഥൈര്യവും കൈവിട്ടാൽ ഖുർആനിന്റെ അനുയായികളുടെ ഗതിയും ഇതുതന്നെയാകുന്നു എന്ന സൂചനയും ഇതിലുണ്ട്. നൂറ്റാണ്ടുകളായി ഈ സൂചനയും പുലർന്നുകഴിഞ്ഞിരിക്കുന്നു. ജനനായകർ സമൂഹനിർമിതിയിൽ ഖുർആനിക ശാസനകളുടെ പങ്ക് അവഗണിച്ചു. ശരീഅത്തിനെ മനസ്സിലാക്കുന്നതിൽ പോലും അക്ഷന്തവ്യമായ വീഴ്ചകളുണ്ടായി. ചിലർ അക്ഷരങ്ങൾക്ക് പിമ്പേ പോയി അപ്രായോഗിക നിയമങ്ങളുണ്ടാക്കിയപ്പോൾ മറ്റു ചിലർ ഭൗതിക സംസ്കാരവുമായി കൂട്ടിയിണക്കാൻ അബദ്ധ വ്യാഖ്യാനങ്ങൾ ചമച്ചു. യഥാർഥ ശരീഅത്ത് രണ്ടു കൂട്ടരാലും തിരസ്കരിക്കപ്പെട്ടു. വർഷങ്ങളായി ഇന്ത്യയിൽ വലിയ വിവാദ വിഷയമായിട്ടുള്ള മുത്ത്വലാഖ് ഒരു ഉദാഹരണമാണ്. ഇന്ത്യൻ പാർലമെന്റ് ഈയിടെ മുത്ത്വലാഖ് നിരോധന നിയമം കൊണ്ടുവരികയുണ്ടായി. അത് ഇസ്ലാമിക ശരീഅത്തിനെതിരാണ്. സമുദായ നേതൃത്വം എതിർക്കുന്നു. എന്നാൽ മുത്ത്വലാഖ് അനുവദനീയമാണെന്ന വാദം ശരീഅത്തിനനുഗുണമാണോ? മുസ്ലിം വിവാഹമോചന വ്യവസ്ഥ വിശുദ്ധ ഖുർആൻ അനേക സൂക്തങ്ങളിലൂടെ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്. ആ സൂക്തങ്ങൾ ഗഹനമായി പഠിച്ചു പരിശ്രമിച്ചാൽ നീതിക്കും നന്മക്കും സമകാലീന സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങൾക്കും അനുഗുണമായ, മുസ്ലിംകൾക്കും അല്ലാത്തവർക്കും സ്വീകാര്യമായ ഒരു വിവാഹമോചനനിയമം ആവിഷ്കരിക്കാൻ കഴിയും. അങ്ങനെ ഒന്ന് ഉണ്ടാക്കി അത് പേഴ്സണൽ ലോയുടെ ഭാഗമാക്കിക്കുന്ന കാര്യം എവിടെയും പരിഗണിക്കപ്പെടുന്നതായേ കാണുന്നില്ല. മുത്ത്വലാഖ് അനുവദിച്ചു കിട്ടിയാൽ ശരീഅത്ത് ഭദ്രമായി എന്ന മട്ടിലാണ് സമുദായത്തിന്റെ നീക്കം.

ദൈവിക മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ടേ സമൂഹത്തെ സന്മാർഗത്തിലൂടെ നയിക്കാനും ആത്മീയവും ഭൗതികവുമായ സുസ്ഥിതിയിലെത്തിക്കാനും കഴിയൂ. മൂല്യങ്ങളിൽ ഉറച്ചുനിന്ന കാലത്ത്- لَمَّا صَبَرُواْ - ഇസ്രാഈല്യർക്കും മുസ്ലിംകൾക്കും അതിനു നല്ലവണ്ണം കഴിഞ്ഞിട്ടുമുണ്ട്. പിന്നീടവർ അക്ഷമരായി, അവരുടെ ദീനീപ്രതിബദ്ധത ശിഥിലമായി. ആലസ്യവും ഭോഗാസക്തിയും അവരെ ഭീരുക്കളും അപകൃഷ്ടരുമാക്കി. അവർ സ്വന്തം ദൗത്യം വിസ്മരിച്ച് മറ്റുള്ളവരെ അനുകരിച്ചു. അവരിൽനിന്ന് നേതൃത്വവും ശേഷിയും സാംസ്കാരിക മഹിമയും ചോർന്നുപോയി. ക്രമേണ അവർ മറ്റുള്ളവരുടെ ദാസന്മാരായി. ആധുനിക മുസ്ലിം ലോകം പാശ്ചാത്യ ശക്തികളുടെ ആജ്ഞാനുവർത്തികളാണ്. ഐക്യരാഷ്ട്ര സഭയിൽ വീറ്റോ പവറുള്ള അഞ്ച് ലോക ശക്തികളുണ്ട്. നാലും പാശ്ചാത്യ ക്രൈസ്തവ രാഷ്ട്രങ്ങളാണ്. ഒന്ന് ചൈനയും. ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള മുസ്ലിം ലോകത്ത് ഏതെങ്കിലും രാഷ്ട്രത്തിന് അത്തരമൊരു പദവി സ്വപ്നം കാണാൻ പോലും കഴിയുന്നില്ല.

ആത്മവീര്യം, ധൈര്യം, സ്ഥൈര്യം, ത്യാഗബോധം, കഠിനാധ്വാന സന്നദ്ധത എല്ലാം ആധുനിക മുസ്ലിംകളിൽ ക്ഷയോന്മുഖമായിരിക്കുന്നു. പാശ്ചാത്യരുടെ നാഗരിക വിളയാട്ടം മുസ്ലിംകളെ അപകൃഷ്ടരാക്കുന്നു. ഭൗതിക ശക്തികൾ അവരെ ഭീരുക്കളാക്കി. അവിടവിടെ ആത്മവീര്യവും ധൈര്യവും ആവേശവുമുള്ള ഗ്രൂപ്പുകൾ ഉണ്ടാകുന്നുണ്ട്. അവരെ ദീനിയായി നയിക്കുന്ന പൊതു നേതൃത്വം - أَئِمَّةً يَهْدُونَ بِأَمْرِنَا- ഇല്ല. ഓരോ ഗ്രൂപ്പും സ്വയം നേതാക്കളെ സൃഷ്ടിക്കുകയും തോന്നിയതുപോലെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇക്കൂട്ടരിലധികവും തെരഞ്ഞെടുക്കുന്നത് തീവ്രവാദവും വിധ്വംസക പ്രവർത്തനങ്ങളുമാണ്. സമുദായത്തിനും ദീനിനും കൂടുതൽ ആപത്തും അപകീർത്തിയും മാത്രമാണവരുടെ പ്രവർത്തനത്തിന്റെ ഫലം. പൊതു സമുദായവും ഭിന്നിപ്പിലാണ്. രാജ്യങ്ങൾ തമ്മിലുള്ള ഭിന്നത, വംശീയ ഭിന്നത, ദീനീ വീക്ഷണങ്ങളിൽ ഭിന്നത, ഒരേ പ്രസ്ഥാനത്തിൽ തന്നെ പല സംഘങ്ങൾ... ഇതിനിടയിൽ ഉമ്മത്തിന്റെയും മില്ലത്തിന്റെയും മൗലിക തത്ത്വങ്ങളുടെ സംരക്ഷണവും പ്രയോഗവും അവഗണിക്കപ്പെടുന്നു. വിശ്വാസ സത്യങ്ങളിൽ അടിയുറച്ചുനിന്ന് -وَكَانُوا بِآيَاتِنَا يُوقِنُونَ- സഹനത്തിന്റെയും ക്ഷമയുടെയും ശക്തിക്കൊത്ത്, അല്ലാഹുവിന്റെ ധർമശാസനകളനുസരിച്ച് നയിക്കപ്പെടുന്ന സമൂഹത്തിനാണ് അല്ലാഹു അന്തസ്സും അഭിവൃദ്ധിയും വാഗ്ദാനം ചെയ്യുന്നത്.

ഇതാണ് സമകാലീന സാഹചര്യത്തിൽ ഈ സൂക്തം പഠിപ്പിക്കുന്ന പാഠം. ചില പണ്ഡിതന്മാർ നൽകിയിട്ടുള്ള

വ്യാഖ്യാനം വ്യത്യസ്തമാണ്. ഒരു കൂട്ടർ പറയുന്നു: الْكِتَابَ കൊണ്ടുദ്ദേശ്യം തൗറാത്ത്തന്നെയാണ്. فَلَا تَكُن فِي مِرْيَةٍ مِّن لِّقَائِهِ എന്നാൽ തൗറാത്ത് നേരിൽ കാണാൻ മുഹമ്മദ് നബിക്ക് അവസരമുണ്ടാകും. തൗറാത്തിനെയല്ല, മൂസാ നബിയെ കണ്ടുമുട്ടും എന്നാണുദ്ദേശ്യമെന്ന് മറ്റൊരു കൂട്ടർ. പ്രവാചകൻ ആകാശാരോഹണ വേളയിൽ മൂസാ നബിയുമായി സന്ധിച്ചതിന്റെ സൂചനയാണതെന്നും അവർ പറയുന്നു. ഇത് രണ്ടുമല്ല, തൗറാത്ത് കൊണ്ടതുകൊണ്ടും തള്ളിയതുകൊണ്ടും ഇസ്രാഈല്യർക്കുണ്ടായ ഉത്ഥാനപതനങ്ങൾ മുഹമ്മദീയ സമുദായവും അഭിമുഖീകരിക്കുമെന്നാണ് ആശയമെന്ന് വേറൊരു കൂട്ടർ. മുൻ സൂക്തങ്ങളുടെ പശ്ചാത്തലത്തിൽ ഇവിടെ തൗറാത്ത് അല്ലെങ്കിൽ മൂസാ നബിയെ മുഹമ്മദ് നബി കണ്ടുമുട്ടുമെന്ന് പ്രസ്താവിക്കുന്നതിന് പ്രസക്തി കാണുന്നില്ല. കൂടുതൽ യുക്തമായി കണ്ട വ്യാഖ്യാനമാണ് ആദ്യം കൊടുത്തത്. മൗലാനാ മൗദൂദിയും ഈ രീതിയിലാണീ വചനങ്ങൾ വായിച്ചിട്ടുള്ളത്. ■

---

إِنَّ رَبَّكَ هُوَ يَفْصِلُ بَيْنَهُمْ يَوْمَ الْقِيَامَةِ فِيمَا كَانُوا فِيهِ يَخْتَلِفُونَ ﴿٢٥﴾

25. നിസ്സംശയം ഈ ലോകത്ത് ജനം ഭിന്നിച്ചിട്ടുണ്ടായിരുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപു നാളിൽ നിന്റെ നാഥൻ തന്നെ അന്തിമവിധി പ്രസ്താവിക്കുന്നതാകുന്നു.

**25**

إِنَّ رَبَّكَ هُوَ = നിസ്സംശയം നിന്റെ നാഥൻ തന്നെ

يَفْصِلُ بَيْنَهُمْ = അവർക്കിടയിൽ വിധി പ്രസ്താവിക്കുന്നതാകുന്നു يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിൽ

فِيمَا كَانُوا فِيهِ يَخْتَلِفُونَ = അവർ ഭിന്നിച്ചിരുന്നതെന്തിലാണോ അതിൽ (ഈ ലോകത്ത് ജനം ഭിന്നിച്ചിട്ടുണ്ടായിരുന്ന വിഷയങ്ങളിൽ)

അധരം കൊണ്ട് ദൈവത്തിലും അവന്റെ ദീനിലും വിശ്വാസമവകാശപ്പെട്ട് ദീനിനെ പലതരത്തിൽ വിഭജിച്ച് അവരവർക്കിഷ്ടപ്പെട്ട ഖണ്ഡം സ്വീകരിച്ച് അതിലഭിരമിക്കുന്നവർക്കുള്ളതല്ല നേതൃത്വവും അന്തസ്സും അഭിവൃദ്ധിയും. ഭിന്നിച്ചവർ സ്വന്തം നിലപാടിൽ ശഠിച്ചുനിന്ന് തർക്കിച്ചുകൊണ്ടേയിരിക്കും. ഈ തർക്കങ്ങളുടെയെല്ലാം യാഥാർഥ്യം എന്താണെന്ന് അല്ലാഹുവിന് നന്നായിട്ടറിയാം. അന്ത്യനാളിൽ എല്ലാ കക്ഷികളെയും ഒരുമിച്ചുകൂട്ടി അവർ തമ്മിലുണ്ടായിരുന്ന തർക്കങ്ങളുടെ യാഥാർഥ്യം എന്തായിരുന്നുവെന്നും ശരി ആരായിരുന്നുവെന്നും തെറ്റ് ആരായിരുന്നുവെന്നും ഓരോ വിഭാഗത്തിന്റെയും പരിണതി എന്താണെന്നും അപ്പോൾ അവിടെ ഖണ്ഡിതമായി വിധി പ്രസ്താവിക്കുകയും ചെയ്യും. فَصْل (പിരിവ്, വേർപാട്, വിഛേദനം)ൽനിന്നുള്ള ക്രിയയാണ് يَفْصِلُ. സത്യവും അസത്യവും, നന്മയും തിന്മയും, തെറ്റും ശരിയും, ധർമവും അധർമവുമൊക്കെ പരസ്പരം വേർപെടുത്തുന്ന കർമം എന്ന ആശയത്തെ അടിസ്ഥാനമാക്കി വിധിതീർപ്പ്, ഖണ്ഡിതമായ തീരുമാനം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. ഇവിടെ അതാണുദ്ദേശ്യം. فَصَّل എന്നാകുമ്പോൾ വിശദമാക്കി, വിവൃതമാക്കി എന്നാണർഥം. വിധിക്കാധാരമായ കാരണങ്ങളും ന്യായങ്ങളും വിശദീകരിച്ചു ബോധ്യപ്പെടുത്തിക്കൊണ്ട് അന്തിമവിധി പ്രസ്താവനയാണ് فصل.

■

## തിരുത്ത്

**മനുഷ്യന്റെ** വളർച്ചയെ പരാമർശിക്കുന്ന മുഴുവൻ ആയത്തുകളിലും അല്ലാഹുവിന്റെ അനുഗ്രഹമായി ആദ്യം കേൾവിയെ പരാമർശിച്ച ശേഷമാണ് കാഴ്ചയെ കുറിച്ച് ഖുർആൻ പറയാറ്. ഗർഭസ്ഥ ശിശുവിൽ ആദ്യം കേൾവിയാണ് തുടങ്ങുക എന്ന് തുടങ്ങിയ വിശദീകരണങ്ങൾ അവിടെ നിൽക്കട്ടെ. പക്ഷേ, *ഖുർആൻ ബോധനം*(1018 ലക്കം 3106) *അസ്സജദ* 9- സൂക്തത്തിനുള്ള തർജമ, 'നിങ്ങൾക്കു കാഴ്ചയും കേൾവിയും ചിന്തിക്കുന്ന മനസ്സും' എന്നു നൽകിയത് 'നിങ്ങൾക്ക് കേൾവിയും കാഴ്ചയും ചിന്തിക്കുന്ന മനസ്സും......' എന്നാക്കാമായിരുന്നു.

**ഡോ. അഹ്മദ് അൻവർ**

പ്രസ്തുത തർജമ ബഹുമാന്യനായ ഡോ. അഹ്മദ് അൻവർ സാഹിബ് ചൂണ്ടിക്കാണിച്ച പോലെ മൂലവചനത്തിലെ ക്രമമനുസരിച്ച് തിരുത്തിവായിക്കാൻ അപേക്ഷിക്കുന്നു.

*ടി.കെ ഉബൈദ്*